# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : - ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം - ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു :-

പരാമർശം : - 1. 18.10.2022 തീയതിയിലെ സ.ഉ. (കൈ) നം.202/2022/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ്
2. 29.11.2022 തീയതിയിലെ കേരള അസാധാരണ ഗസറ്റ് വിജ്ഞാപനം നം: 4047 വാല്യം 11.

**<u>ഉത്തരവ് നമ്പർ. E1-320/2022/PrHQ; തീയതി : 12-12-2022</u>**

പരാമർശം 1 ലെ ഉത്തരവ് പ്രകാരം കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിൽ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ ഒരു തസ്തിക സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ടി തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുവേണ്ടി പരാമർശം 2 ലെ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. ടി ഒഴിവിലേക്ക് ചുവടെ ചേർക്കുംപ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1, സെലക്ട് ലിസ്റ്റ് ക്രമ നം. (1), ശ്രീ. സി.വി. മണികണ്ഠൻ നായരെ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ (55200 - 115300 ശമ്പളസ്കെയിലിൽ) സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം ജില്ലാ ജയിലിലെ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ചിറ്റൂർ സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ട് ശ്രീ. സൂരജ് വി.വി.യെ കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ട് തസ്തികയിലെ നിലവിലെ ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ചുകൊണ്ടും, ആയതിനെ തുടർന്ന് ചിറ്റൂർ സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ട് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് തിരുവനന്തപുരം ജില്ലാ ജയിലിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. റിജിൻ മോഹനെ സ്ഥലംമാറ്റം നൽകികൊണ്ടും ഉത്തരവാകുന്നു.

ടി ഉത്തരവ് എത്രയും വേഗം നടപ്പിലാക്കി വിവരം ജയിലാസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1. ശ്രീ. സി.വി. മണികണ്ഠൻ നായർ, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 1,
സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം.(സൂപ്രണ്ട് മുഖേന)
2. ശ്രീ. സൂരജ് വി.വി., സൂപ്രണ്ട്, സ്പെഷ്യൽ സബ് ജയിൽ, ചിറ്റൂർ.
3. ശ്രീ. റിജിൻ മോഹൻ, ഡെപ്യൂട്ടി സൂപ്രണ്ട്,
ജില്ലാ ജയിൽ, തിരുവനന്തപുരം. (സൂപ്രണ്ട് മുഖേന)

പകർപ്പ് : 1. The Principal Accountant General (A&E),
Kerala, Thiruvananthapuram.
2. ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണമേഖല/ഉത്തരമേഖല.
3. സൂപ്രണ്ട്,
ജില്ലാ ജയിൽ/ സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം.
കൺട്രോൾറൂം/ വെബ്സൈറ്റ്/ഒ.സി./എസ്.എഫ്